# മില്ലെനിയം പിറന്നുവോ

സ്വാർത്ഥ ലാഭത്തിനുവേണ്ടി ആടിനെ പട്ടിയാക്കുന്ന മാധ്യമങ്ങളുടെ സ്വഭാവത്തിന് ഏറ്റവും ഉചിതമായ ഉദാഹരണമായി മില്ലെനിയം ആഘോഷങ്ങൾ.

മില്ലെനിയം എന്നുപറഞ്ഞാൽ സഹസ്രാബ്ദം അഥവാ ആയിരം വർഷം എന്നർത്ഥം. മില്ലെനിയം ആഘോഷിക്കാൻ കാരണമായ ഇംഗ്ലീഷ് കലണ്ടറിൽ ക്രിസ്തു ജനിച്ച വർഷം എ.ഡി. ഒന്ന് എന്നു കണക്കാക്കിക്കൊണ്ടാണ് വർഷങ്ങൾ എണ്ണാൻ തുടങ്ങുന്നത്. അതിനു തൊട്ടുമുമ്പുണ്ടായിരുന്ന വർഷം ബി.സി. ഒന്ന് ആയാണ് പരിഗണിക്കപ്പെടുന്നത്.

ഒരു സഹസ്രാബ്ദം കഴിഞ്ഞ അടുത്ത സഹസ്രാബ്ദം പിറക്കണമെങ്കിൽ 1000 വർഷങ്ങൾ പൂർണമായും കഴിഞ്ഞിരിക്കണം. അതായത് 1-1-1 മുതൽ 31-12-1000 വരെ ഒന്നാം സഹസ്രാബ്ദം. 1-10-1001 മുതൽ 31- 12-2000 വരെ രണ്ടാമത്തെ സഹസ്രാബ്ദം. 1-1-2001 മുതൽ 31-12- 3000 വരെ മൂന്നാം സഹസ്രാബ്ദം. ലോകത്തിലെ ആധികാരിക സ്വഭാവമുള്ള വിശ്വവിജ്ഞാന കോശങ്ങളും നിഘണ്ടുക്കളുമൊക്കെ ഇതുതന്നെ പറയുന്നു.

എന്നിട്ടും ഒരു വർഷമെങ്കിൽ ഒരു വർഷംമുമ്പ് ഒരു മില്ലെനിയം ട്രെന്റ് ഉണ്ടാക്കി ഒരു പുതിയ കച്ചവട അവസരം സൃഷ്ടിക്കാനുള്ള കച്ചവടകേന്ദ്രങ്ങളുടെ താത്പര്യത്തിനു കൂട്ടുനില്ക്കുകയാണ് തെറ്റു തിരുത്തേണ്ട ചുമതലയുള്ള മാധ്യമങ്ങളും ചെയ്തത്. ഈ വർഷത്തെ കച്ചവടമങ്ങു കഴിഞ്ഞാൽ 'ഓ തെറ്റിപ്പോയി അടുത്ത വർഷമാണ് ശരിക്കും മില്ലെനിയം തുടങ്ങുന്നത്' എന്നുപറഞ്ഞ് അടുത്ത ന്യൂഇയറിന് ഇതിനേക്കാൾ വലിയ ബഹളമുണ്ടാക്കാനും ഇക്കൂട്ടർ മടിയൊന്നുമുണ്ടാകില്ല.

ലോക സാഹചര്യങ്ങളിൽ യാതൊരു മാറ്റവും ഉണ്ടാക്കാതെ ഒരു രാത്രി ഉറങ്ങി ഉണരുമ്പോഴേയ്ക്കും ഏതോ ദിവ്യാത്ഭുത ശിശു പിറന്നു എന്ന മട്ടിൽ കൂവിയും കുരവയിട്ടും ഒരു മില്ലെനിയത്തെ വരവേല്ക്കുന്നതു തന്നെ ഒരു വിഡ്ഢിത്തം.

സ്വന്തം കാലാവസ്ഥയ്ക്കും കൃഷിക്കും അനുയോജ്യമായ കാലവർഷ ഗണനകളും കലണ്ടറുമൊക്കെയുള്ള മലയാളിയും തമിഴനുമൊക്കെ ഈ കോമാളിക്കളിയിൽ പങ്കെടുക്കുന്നത് അതിലും വിഡ്ഢിത്തം. സാധാരണക്കാരനെ മനഃപൂർവം വഞ്ചിക്കുന്ന കാര്യത്തിൽ കച്ചവടതാത്പര്യങ്ങളും മാധ്യമങ്ങളും കൈകോർത്തു നില്ക്കുന്ന ഈ കാഴ്ച ഒട്ടും ശുഭസൂചകമല്ല.